**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3842** — **23.08.2017 - ൽ മറുപടിക്ക്**

## ഓണക്കാലത്ത് നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനുള്ള നടപടികൾ

**ചോദ്യം**

**ശ്രീ.ആർ.രാമചന്ദ്രൻ**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഓണക്കാലത്ത് നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനുവേണ്ടി സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (എ) & (ബി) | കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ്മയിൽ ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ 3500 ഔട്ട്‌ലെറ്റുകളിലൂടെ ഓണവിപണി സംഘടിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.<br>ഓണവിപണിയിലൂടെ സബ്സിഡി നിരക്കിൽ 13 ഇനങ്ങളും, പൊതു വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ 25 ഇനങ്ങളും വിൽപ്പന നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ തെരഞ്ഞെടുത്ത് നൽകിയ പ്രൈമറി സഹകരണ ബാങ്കുകൾ, വനിതാ സഹകരണ സംഘങ്ങൾ, എസ്.സി.എസ്.റ്റി സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, ഫിഷർമാൻ സംഘങ്ങൾ, കാർഷിക സഹകരണ സംഘങ്ങൾ, ഇതര സംഘങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ 3266 ഓണചന്തകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | എല്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളോടും അനുബന്ധിച്ച് ഓണച്ചന്തകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | സഹകരണ സ്ഥാപനങ്ങൾക്ക് ആഭ്യന്തര വിപണിയിൽ ഇടപെടുന്നതിനുവേണ്ടി സർക്കാർ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വിശദീകരിക്കാമോ? | (സി) | ഉത്സവ വിപണിയിൽ ഇടപെടുന്നതിന് 60 കോടി രൂപ 2017-18 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുകയിൽ നിന്നും 2017-ൽ ഓണചന്തകൾ സംഘടിപ്പിക്കുന്നതിനായി സബ്സിഡിയിനത്തിൽ 40 കോടി രൂപ മുൻകൂറായി കൺസ്യൂമർഫെഡറേഷന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ